LIBRARY ARCHIVES Kerala Legislative Assembly

വെങ്ങാന്നൂർ അയ്യൻകാളി യു.പി. സ്കൂൾ

42 (348) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാ അയ്യൻകാളി സ്ഥാപിച്ച ശ്രീ. അയ്യൻകാളി യു.പി.എസ്, വെങ്ങാന്നൂർ, ഏറ്റെടുത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂളാക്കും എന്ന മുൻ സർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

വെങ്ങാന്നൂരിൽ ശ്രീ. അയ്യങ്കാളി സ്ഥാപിച്ച സ്കൂൾ സർക്കാർ ഏറ്റെടുത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂളാക്കുന്ന കാര്യം പരിശോധിച്ചിരുന്നു. പ്രസ്തുത സ്കൂളിന്റെ വികസനത്തിനായി 52 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടെന്നും അതിനാൽ സ്കൂൾ സംസ്ഥാന സർക്കാരിന് വിട്ടുനൽകേണ്ടതില്ലെന്നും 16-11-2020-ൽ നടന്ന ബോർഡ് യോഗത്തിൽ തീരുമാനിച്ചതായി സ്കൂൾ മാനേജ്മെന്റ് സർക്കാരിനെ അറിയിച്ചതിനെതുടർന്ന് ഇക്കാര്യത്തിലുള്ള നടപടികൾ അവസാനിപ്പിക്കുകയുണ്ടായി.

സാമൂഹ്യ പഠനമുറി പദ്ധതി

43 (349) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ പഠനമുറി പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ?

ലഭിക്കുന്നില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഫണ്ട് വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം എന്താണ് എന്നറിയിക്കാമോ?

ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന സാമൂഹ്യ പഠനമുറികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരായ പ്രോജക്ട് ഓഫീസർ/ടൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് ഫണ്ട് അനുവദിച്ചു വരുന്നു.